പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**പോലീസ് സേനയിൽ വരുത്തിയ നയപരവും ഭരണപരവുമായ മാറ്റങ്ങൾ**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4265    17/05/2017-ൽ മറുപടിക്ക്

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പോലീസ് സേനയിൽ വരുത്തിയ നയപരവും ഭരണപരവുമായ മാറ്റങ്ങൾ വിശദമാക്കാമോ; | (എ) | സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിന് പ്രത്യേക ശ്രദ്ധ ചെലുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക, സൈബർ കുറ്റകൃത്യങ്ങളെ കണ്ടെത്തി ചെറുക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, വയോജനങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുക, സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പോലീസ് പദ്ധതി ആരംഭിക്കുക, തീരദേശ സുരക്ഷ ശക്തിപ്പെടുത്തുക എന്നീ പ്രധാനപ്പെട്ട പദ്ധതികളിലൂടെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്ന തത്വത്തിൽ ഊന്നിയുള്ള നയസമീപനമാണ് പിൻതുടരുന്നത്. |
| (ബി) | ജനമൈത്രി പദ്ധതിയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (ബി) | ഉണ്ട്. ജനമൈത്രി പോലീസിംഗ് സംവിധാനം സർക്കാർ കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. നിയമ പരിപാലനത്തിനും ക്രമസമാധാന പാലനത്തിനും പൂർണ്ണമായി ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പോലീസിംഗ് സംവിധാനമാണിത്. നിലവിൽ കേരളത്തിലെ പോലീസിംഗ് സംവിധാനം പൂർണ്ണമായും ജനമൈത്രി സംവിധാനത്തിലേയ്ക്ക് മാറിയിരിക്കുകയാണ്. ജനമൈത്രി പോലീസിംഗ് എന്ന് ഉദ്ദേശിക്കുന്നത് ജനങ്ങളെ പൂർണ്ണമായും ഉൾക്കൊണ്ടും പങ്കെടുപ്പിച്ചും നടത്തുന്ന പോലീസിംഗ് സമ്പ്രദായമാണ്. തന്മൂലം ജനങ്ങൾക്ക് പോലീസിനോടുള്ള മനോഭാവത്തിന് ഗുണപരമായ മാറ്റം വന്നിട്ടുണ്ട്. ജനമൈത്രി പോലീസിന്റെ ഭാഗമായുള്ള ഭവന സന്ദർശനവും, ജനമൈത്രി സുരക്ഷാസമിതിയും ജനങ്ങളുടെ പ്രശ്നങ്ങളിലേയ്ക്കും ആവലാതികളിലേക്കും നേരിട്ട് ഇറങ്ങിച്ചെല്ലാൻ സഹായിക്കുന്നു. വിവിധ ബീറ്റുകളിലേക്ക് ബീറ്റ് ഓഫീസർമാരും അസി.ബീറ്റ് ഓഫീസർമാരും നടത്തുന്ന സന്ദർശനത്തിന്റെ റിപ്പോർട്ടുകളും വിശദ വിവരങ്ങളും ലഭ്യമാകുന്നുണ്ട്. പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് സാംസ്കാരിക, സാമൂഹിക, വിദ്യാഭ്യാസ പരിപാടികളും, മെഡിക്കൽ ക്യാമ്പുകളും , രക്ത ഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകളും നടത്തുക വഴി |

| | | | |
|---|---|---|---|
| | | | ആരോഗ്യ രംഗത്തും പോലീസ് സ്റ്റേഷൻ ഇടപെടുന്നു. കൂടാതെ മദ്യമയക്കു മരുന്നിനെതിരെയുള്ള ബോധവൽക്കരണ സെമിനാറുകൾ, ജനമൈത്രി സുരക്ഷാ പദ്ധതി സംസ്ഥാന തലത്തിൽ നേതൃത്വം നൽകി നടപ്പിലാക്കിയ ലഹരി വിരുദ്ധ കാവൽക്കൂട്ടം പോലെയുള്ള പദ്ധതികൾ, ട്രാഫിക് ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവയിലൂടെ ജനങ്ങളെ കൂടുതൽ പങ്കെടുപ്പിച്ചും അവരുടെ വിശ്വാസമാർജ്ജിച്ചും ജനമൈത്രി പോലീസ് സംവിധാനം കൂടുതൽ മെച്ചപ്പെട്ട രീതിയിലേക്ക് മുന്നോട്ട് പോകുന്നു. |
| (സി) | നിയമപരമായി മാത്രം പ്രവർത്തിച്ചുവരുന്ന പോലീസ് സേനയ്ക്ക് സർവ്വവിധ പ്രൊഫഷണൽ സ്വാതന്ത്ര്യവും അനുവദിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ അത് നടപ്പിലാക്കാൻ സേനയെ അനുവദിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. നിലവിലുള്ള നിയമവ്യവസ്ഥകൾക്ക് അനുസൃതമായി സ്വതന്ത്രവും നീതിപൂർവ്വകവുമായ ഒരു പോലീസ് സംവിധാനമാണ് സംസ്ഥാനത്ത് നിലവിലുള്ളത്. |
| (ഡി) | ഇത്തരത്തിൽ പ്രൊഫഷണൽ സ്വാതന്ത്ര്യം നൽകിയപ്പോൾ സേന അത് ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ഡി) | അത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് സേനയുടെ സമീപനത്തിലുള്ള എന്തെങ്കിലും മാറ്റം ഉണ്ടായതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം എന്താണ് ; | (ഇ) | പോലീസ് സേന പൂർണ്ണമായി ജനസൗഹൃദ സേനയായി പ്രവർത്തിച്ചു വരുന്നു. |
| (എഫ്) | ഇല്ലെങ്കിൽ പോലീസ് സേനയുടെ സമീപനത്തിൽ മാറ്റം വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (എഫ്) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ